# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത</u> | 14-12-2015 ൽ
<u>ചോദ്യം നം. 2624</u> | <u>മറുപടിയ്ക്ക്.</u>

**<u>എം.എൽ.എ. ആസ്തി വികസന പദ്ധതിപ്രകാരമുള്ള ജലവിഭവവകുപ്പിന്റെ പദ്ധതികൾ</u>**

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എം.എ.ബേബി | | ശ്രീ. പി.ജെ. ജോസഫ്<br>(ബഹു. ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) | എം.എൽ.എ. ആസ്തി വികസന പദ്ധതി പ്രകാരം ജലവിഭവ വകുപ്പിനെ ഏൽപ്പിച്ച പ്രവൃത്തികൾ നടപ്പാക്കുന്നതിൽ ഉദ്യോഗസ്ഥരുടെ ഭാഗത്തുനിന്ന് ഗുരുതരമായ അലംഭാവം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അത്തരം ഉദ്യോഗസ്ഥരുടെ മേൽ നടപടി സ്വീകരിച്ചിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭരണാനുമതി ലഭിച്ച പദ്ധതികളിൽ എത്ര എണ്ണം പൂർത്തീകരിച്ചു; എത്ര പദ്ധതികളുടെ പ്രവൃത്തി ആരംഭിച്ചു; | (ബി) | **<u>കേരള ജല അതോറിറ്റി</u>**<br>ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എം.എൽ.എ ആസ്തി വികസന പദ്ധതിപ്രകാരം 89 പദ്ധതികൾക്ക് ഭരണാനുമതി നൽകുകയും 28 പദ്ധതികൾ പൂർത്തീകരിക്കുകയും 49 പദ്ധതികളുടെ പണി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br>**<u>ജലസേചന വകുപ്പ്</u>**<br>എം.എൽ.എ ആസ്തി വികസന പദ്ധതിപ്രകാരം 132 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും, 81 പദ്ധതികൾ പൂർത്തീകരിക്കുകയും 25 പദ്ധതികൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.<br>**<u>പദ്ധതി വിഭാഗം 1</u>**<br>പദ്ധതി വിഭാഗം 1 ന് കീഴിൽ കുറ്റ്യാടി ജലസേചന പദ്ധതി ഡിവിഷനിൽ മൂന്ന് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. അവയുടെ ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. ചിറ്റൂർ ഡിവിഷനിൽ രണ്ട് പ്രവൃത്തികൾക്ക് ഭരണാനുമതി നൽകിയതിൽ ഒരു പ്രവൃത്തി പൂർത്തീകരി- |

| | | | |
|---|---|---|---|
| | | | ക്കുകയും ഒരു പ്രവൃത്തി പുരോഗമിച്ചുവരികയും ചെയ്യുന്നു.<br>**പദ്ധതി വിഭാഗം 2**<br>105 പ്രവൃത്തികൾക്ക് ഭരണാനുമതി നൽകുകയും 78 പ്രവൃത്തികൾ പൂർത്തീകരിക്കുകയും 26 പ്രവൃത്തികൾ പുരോഗമിക്കുകയും ഒരു പ്രവൃത്തിയ്ക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |
| (സി) | കുണ്ടറ മണ്ഡലത്തിൽ എം.എൽ.എ ആസ്തി വികസന പദ്ധതി പ്രകാരം അനുവദിച്ച പദ്ധതികളിൽ ഭരണാനുമതി ലഭിച്ച് നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചവ ഏതെല്ലാം; ഭരണാനുമതി ലഭ്യമാക്കി നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്തവയുണ്ടോ; എങ്കിൽ എന്തു കൊണ്ടെന്ന് വിശദമാക്കുമോ? | (സി) | **കേരള ജല അതോറിറ്റി**<br>കുണ്ടറ മണ്ഡലത്തിൽ അനുവദിച്ച പദ്ധതികളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. കുണ്ടറ പഞ്ചായത്തിലെ കുണ്ടുകുളം പദ്ധതി 19-12-15 അവസാന തീയതിയായി ടെണ്ടർ ചെയ്തിട്ടുണ്ട്.<br>2. പേരയം പഞ്ചായത്തിലെ കോട്ടപ്പുറം പദ്ധതിയുടെ 2 ടെണ്ടറുകൾ പരിശോധിച്ചുവരുന്നു. കോട്ടപ്പുറം പദ്ധതിക്കാവശ്യമായ സ്ഥലം ഏറ്റെടുത്തുനൽകുന്നതിലെ താമസവും ആദ്യ ടെണ്ടറിൽ കരാറുകാർ പങ്കെടുക്കാത്തതുമാണ് പദ്ധതി നിർവ്വഹണം താമസിക്കാനുള്ള പ്രധാന കാരണം;<br>3. കുണ്ടറ നിയോജക മണ്ഡലത്തിലെ കൊറ്റംകര പഞ്ചായത്തിലേക്കുള്ള ശുദ്ധജല വിപുലീകരണ പദ്ധതിക്ക് 100 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ ഡി.എസ്.ആർ (Delhi Schedule of Rates) അനുസരിച്ച് പദ്ധതി പുതുക്കേണ്ടി വന്നതിനാൽ പദ്ധതി അടങ്കൽ തുക 120 ലക്ഷമായി ഉയർന്നു. ഇതനുസരിച്ച് 120 ലക്ഷം രൂപയുടെ പുതുക്കിയ പദ്ധതിക്ക് ഭരണാനുമതി ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.<br>**ജലസേചന വകുപ്പ്**<br>കുണ്ടറ നിയോജക മണ്ഡലത്തിൽ ഒരു പ്രവൃത്തിയ്ക്ക് അനുമതി നൽകിയിട്ടുണ്ട്. (കുണ്ടറ പഞ്ചായത്തിൽ കക്കോലിൽ കുണ്ടുകുളത്തിന്റെ നവീകരണവും അനുബന്ധ പ്രവൃത്തികളും-30 ലക്ഷം രൂപ). മൂന്നു തവണ ടെൻഡർ വിളിച്ചെങ്കിലും കോൺട്രാക്ടർമാരിൽ നിന്നും പ്രതികരണം ഉണ്ടാകാത്തതിനാൽ ആയത് ക്വട്ടേഷൻ വഴി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**